# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4330 22/07/2015 ൽ മറുപടിക്ക്

**പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി**

**ചോദ്യം :**

**ശ്രീ. എ. കെ. ബാലൻ**

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) 2014 ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പു മേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എ) 02.04.2013 - ലെ 5755/Ad vC3/ 2013/P&ARD നമ്പർ പരിപത്രം പ്രകാരം 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ തസ്തിക തിരിച്ച് പി.എസ്.സി ക്ക് 2013 ജൂൺ ഒന്നിന് മുൻപ് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിരുന്നു.

(ബി) ഇതിൻപ്രകാരം ഓരോ വകുപ്പും എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തു ; തസ്തികകളും വകുപ്പും തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) വകുപ്പുകൾ അറിയിച്ച പ്രകാരം ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു.

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ ഏതെല്ലാമായിരുന്നു ; ഈ വകുപ്പുകളുടെ പേരിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) മെഡിക്കൽ വിദ്യാഭ്യാസം, മോട്ടോർ വാഹനം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തതായി സർക്കാരിനെ അറിയിച്ചിരുന്നില്ല. ഈ വകുപ്പുകളോട് ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇവരോട് വിശദീകരണം ആവശ്യപ്പെടാൻ അതാതു ഭരണ വകുപ്പുകളോടും ആവശ്യപ്പെട്ടിരുന്നു.

(ഡി) ഇപ്രകാരം റിപ്പോർട്ടു ചെയ്ത ഒഴിവുകളിൽ എത്ര പേർക്ക് പി.എസ്.സി നിയമന ശുപാർശയും നിയമനവും നൽകി?

(ഡി) പ്രതീക്ഷിത ഒഴിവുകളിൽ പി.എസ്. സി നിയമന ശിപാർശ നൽകാറില്ല. ഒഴിവുകൾ നിലവിൽ വരുമ്പോൾ മാത്രമേ നിയമന നടപടി ക്രമങ്ങൾ ആരംഭിക്കുകയുള്ളൂ. 2014 - ൽ പി.എസ്.സി നൽകിയ നിയമന ശിപാർശകളുടെ എണ്ണം 28270 ആണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്